**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3867** **03-03-2023 - ൽ മറുപടിയ്ക്ക്**

**പ്രവാസി ക്ഷേമത്തിനുള്ള നവീന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവാസി സമൂഹത്തിനായി നടപ്പിലാക്കി വരുന്ന ക്ഷേമ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനായി നവീന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.നോർക്ക ശുഭയാത്ര, നോർക്ക അസിസ്റ്റഡ് ആൻഡ് മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് എന്നിവയാണ് പദ്ധതികൾ. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ചിട്ടുള്ള നോർക്ക ശുഭയാത്ര പദ്ധതിയുടെ വിശദാംശം നൽകുമോ; | (ബി) | വിദേശത്ത് തൊഴിൽ തേടുന്ന ഉദ്യോഗാർത്ഥികളിൽ ഭാഷാപരിശീലനം അതത് രാജ്യങ്ങളിലെ സ്ക്രീനിങ്ങ് പരീക്ഷകൾ എന്നിവയിൽ പങ്കെടുക്കുന്ന നല്ലൊരു വിഭാഗത്തിന് സാമ്പത്തിക സഹായം ആവശ്യമാണ്. കൂടാതെ ഇവർക്ക് റിക്രൂട്ടിംഗ് കമ്പനികൾക്കുള്ള സേവന ചെലവുകൾ, വിസ സ്റ്റാമ്പിംഗ് ചെലവുകൾ, മെഡിക്കൽ പരിശോധന ചെലവുകൾ, അറ്റസ്റ്റേഷൻ ചെലവുകൾ, വിമാന ടിക്കറ്റുകൾ, വാക്സിനുകൾ, ആർ.ടി.പി.സി.ആർ തുടങ്ങിയ ചെലവുകൾ എന്നിവ നേരിടുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ ലോൺ സഹായം ആവശ്യമാണ്.<br><br>വിദേശ തൊഴിൽ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ യുവാക്കളെ സഹായിക്കുന്നതിന് 2 സോഫ്റ്റ് ലോൺ പദ്ധതികൾ [(1) ഫോറിൻ എംപ്ലോയബിലിറ്റി സ്കില്ലിങ് അസിസ്റ്റൻസ് സോഫ്റ്റ് ലോൺ (2) തൊഴിൽ ലഭിക്കാൻ പ്രാരംഭ ചെലവുകൾക്കായി പ്രവാസികൾക്ക് സോഫ്റ്റ് ലോൺ] ആണ് രൂപകല്പന ചെയ്തിട്ടുള്ളത്.<br><br>മേൽ ആവശ്യങ്ങൾക്ക് ബാങ്കുകൾ, KSFE, കേരള ബാങ്ക് മുഖേന 2 ലക്ഷം വരെ വായ്പ ലഭ്യമാക്കുന്നു. വായ്പകൾക്ക് പലിശ സബ്സിഡി നോർക്ക നൽകുന്നതാണ്. ആയതിലേക്കായി ബഡ്ജറ്റിൽ 200 ലക്ഷം വകയിരുത്തിയിട്ടുണ്ട്. |
| (സി) | വിമാന യാത്രാ ചെലവുകൾ നിയന്ത്രിക്കുന്നതുമായി | (സി) | വിമാന യാത്ര ചെലവുകൾ നിയന്ത്രിക്കുന്നതുമായി |

| | | | |
|---|---|---|---|
| | ബന്ധപ്പെട്ട് പുതിയ പദ്ധതി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | ബന്ധപ്പെട്ട കുറഞ്ഞ ചെലവിൽ പ്രവാസിമലയാളികളെ നാട്ടിലെത്തിക്കുന്നതിനായി തിരക്കുള്ള സമയങ്ങളിൽ അതായത് ഏപ്രിൽ, ജൂൺ, ഓഗസ്റ്റ്, സെപ്റ്റംബർ, ഡിസംബർ മാസങ്ങളിൽ ചാർട്ടേർഡ് ഫ്ളൈറ്റുകൾ ഏർപ്പെടുത്തുന്നതിനുള്ള സാധ്യതയുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നു വരുന്നു. |
| (ഡി) | 2023 -2024 ലെ ബജറ്റിൽ പ്രഖ്യാപിച്ച നോർക്ക അസിസ്റ്റഡ് ആൻഡ് മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ? | (ഡി) | മടങ്ങിയെത്തിയ പ്രവാസി തൊഴിലാളികൾക്ക് ഉപജീവന സഹായ സംരംഭമായി ഒരു ലക്ഷം തൊഴിൽ ദിനങ്ങൾ (പദ്ധതിക്ക് കീഴിൽ രജിസ്റ്റർ ചെയ്ത മടങ്ങിവരുന്ന ഓരോ പ്രവാസിക്കും പരമാവധി 100 തൊഴിൽ ദിനങ്ങൾ) സൃഷ്ടിക്കുന്നതിനുള്ള നോർക്ക വകുപ്പിന്റെ പദ്ധതിയാണിത്.<br><br>തിരികെ എത്തിയ തൊഴിലാളികളെ നോർക്ക റൂട്ട്സിന്റെ നേതൃത്വത്തിൽ അവരുടെ നൈപുണ്യമനുസരിച്ച് പ്രവാസി സഹകരണ സംഘങ്ങളുടെ സജീവ പങ്കാളിത്തത്തോടെയും ആഭ്യന്തര വ്യവസായ മേഖലയുമായും മറ്റ് തൊഴിൽ ദാതാക്കളുമായും ബന്ധിപ്പിച്ച് തൊഴിൽ ഉറപ്പ് വരുത്തുന്നത് ലക്ഷ്യമിട്ടാണ് നോർക്ക അസിസ്റ്റഡ് ആൻഡ് മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് പദ്ധതി (NAME) രൂപീകരിച്ചിരിക്കുന്നത്. പ്രാരംഭ ഘട്ടത്തിൽ 1 ലക്ഷം തൊഴിൽദിനങ്ങളാണ് ലക്ഷ്യമിടുന്നത്. ആയതിലേക്കായി ബഡ്ജറ്റിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ